5 രൂപയ്ക്ക് മനോരമ വാങ്ങുമ്പോൾ ഓരോ ആഴ്ചയും 50 രൂപ വരെ ലാഭം

മലയാള ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള വാരിക www.manoramaweekly.in

# മനോരമ

ആഴ്ചപ്പതിപ്പ്

2011 ജൂലൈ 02
വില: ₹ 5



## സ്വയംരക്ഷ: വീട്ടമ്മമാർ അറിയേണ്ട തന്ത്രങ്ങൾ

## കറന്റ് ബില്ല് കുറയ്ക്കാൻ..

## 'മന്ത്രിമനസ്സി'ൽ കെ.ബാബു

## ഒരു സമ്പൂർണ നോവലെറ്റ്

9 770975 223407

Chief Editor:
**MAMMEN VARGHESE**

Managing Editor:
**PHILIP MATHEW**

Editor in charge:
**K.A. FRANCIS** *
* Responsible for selection of news under the PRB Act.

Printed and published by
**K.K.MAMMEN MAPPILLAI**
on behalf of
The Malayala Manorama Co. Ltd.,
at Malayala Manorama Press,
Kottayam and Kozhikode and published from Manorama Buildings, K.K. Road, Kottayam - 686001.

മനോരമ ആഴ്ചപ്പതിപ്പ്
തപാലിൽ ലഭിക്കാൻ ഓൺലൈൻ ചെയ്യുക-
www.manoramaonline.com/subscribe

## ശുഭചിന്ത



### തള്ളപ്പക്ഷികളെ കണ്ടുപഠിക്കൂ...

തള്ളപ്പക്ഷികളെ ശ്രദ്ധിച്ചിട്ടില്ലേ? ആഹാരം തേടിപ്പോകുമ്പോഴും അതിന്റെ മനസ്സ് മുഴുവൻ കൂട്ടിലെ പക്ഷിക്കുഞ്ഞുങ്ങളിലാണ്. എവിടെയൊക്കെ പറന്നുനടന്നാലും മനസ്സ് കമ്പിയില്ലാക്കമ്പിവഴി കൂടുമായി ബന്ധിച്ചിരിക്കുന്നു. ആരും വഴി പറഞ്ഞുകൊടുക്കാതെ കൃത്യമായിത്തന്നെ അത് ആകാശത്തിൽ ഇല്ലാത്ത വഴികളിലൂടെ കൂട്ടിൽ തിരിച്ചെത്തുന്നു. എവിടെപ്പോകുമ്പോഴും എന്തു ചെയ്യുമ്പോഴും നമ്മുടെ മനസ്സ് ഈശ്വരനിൽ കൊളുത്തിയിടാൻ പറ്റിയാൽ ഇപ്പോൾ ചെയ്യുന്ന എന്തു പ്രവൃത്തിയും ഇതിനേക്കാൾ നന്നായി ചെയ്യാൻ നമുക്കു കഴിയും.

ഈശ്വരനിൽ സ്വയം അർപ്പിക്കുക. കുഞ്ഞുങ്ങളെ സദാ ഓർക്കുന്ന തള്ളപ്പക്ഷികളെപ്പോലെ ഈശ്വരചിന്ത നമുക്കും വളർത്തിയെടുക്കാം. പ്രവർത്തനരംഗത്തു ശോഭിക്കാനും അതിലൂടെ കൂടുതൽ ശാന്തിയും സന്തോഷവും അനുഭവിക്കാനും കഴിയുന്നതു നല്ലതല്ലേ?

– പുതായിഫർ.

എന്റെ പള്ളിക്കൂടം

# പച്ചനക്ഷത്രങ്ങൾ പതിച്ച പേനയും എന്റെ അച്ഛനും

ജി. ശങ്കർ
(ആർക്കിടെക്റ്റ്)

ഞാൻ ജനിച്ചത് കിഴക്കൻ ആഫ്രിക്കയിലെ ടാൻസാനിയയിലാണ്. അച്ഛനന് അവിടെയായിരുന്നു ജോലി.

അച്ഛനു് ഒരു സഹോദരനും സഹോദരിയുമുണ്ടായിരുന്നു. സഹോദരൻ പഠിക്കാൻ മിടുക്കനായിരുന്നു. രണ്ടു പേരെയും ഒന്നിച്ച് ഉപരിപഠനത്തിന് വിടാൻ കുടുംബത്തിനു ശേഷിയുണ്ടായിരുന്നില്ല. അതുകൊണ്ട് അച്ഛൻ പഠിത്തം മതിയാക്കി. ഒരു സുപ്രഭാതത്തിൽ അപ്രത്യക്ഷനായി. മരിച്ചു പോയെന്നാണ് വീട്ടുകാരും നാട്ടുകാരും വിചാരിച്ചത്. വർഷങ്ങൾക്കുശേഷം മറ്റൊരു സുപ്രഭാതത്തിൽ അച്ഛൻ ബ്രിട്ടിഷ് ആർമിയിലെ ഉദ്യോഗസ്ഥനായി ടാൻസാനിയയിൽ നിന്നു തിരിച്ചു വന്നു.

അമ്മയും ഉപരിപഠനത്തിനു പണമില്ലാത്തതിനാൽ സെക്രട്ടേറിയറ്റിൽ ജോലിചെയ്തുവേ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിഎയും എംഎയും പാസ്സാകുകയായിരുന്നു. വിവാഹത്തിനുശേഷം ജോലി രാജിവച്ച് അച്ഛനോടൊപ്പം അമ്മയും ടാൻസാനിയയിലേക്കു പോയി. അവിടെ ചെന്ന് അവിടുത്തെ പ്രാദേശിക ഭാഷയായ സ്വാഹിലി പഠിക്കുകമാത്രമല്ല അവിടുത്തെ സ്കൂളിൽ സ്വാഹിലി അധ്യാപികയുമായി.

ടാൻസാനിയയിലാണ് ഞാൻ ഒന്നുംരണ്ടും ക്ലാസുകൾ പഠിച്ചത്. മൂന്നാം ക്ലാസായപ്പോൾ അമ്മയുടെ നാടായ തിരുവല്ലയിലെ മതിൽഭാഗത്തുള്ള കിഴക്കേനട ഗവ. എൽപി സ്കൂളിൽ ചേർന്നു. അന്നുവരെ പഠിച്ചത് ഇംഗ്ലിഷിലായിരുന്നതിനാൽ ക്ലാസിലെ ഒറ്റപ്പെട്ട വിദ്യാർഥിയായി.

അന്ന് എനിക്ക് കടുത്ത വിക്കുണ്ടായിരുന്നു. ഒരു ദിവസം ഗൗരി ടീച്ചർ ഏതോ ചോദ്യം ചോദിച്ചു. വിക്കു കാരണം ഉത്തരം പറയാൻ വൈകി. അതിനു മുൻപുതന്നെ എനിക്ക് അടികിട്ടി. എനിക്കപ്പോൾ സങ്കടവും വേദനയുമല്ല, കടുത്ത ദേഷ്യമാണു തോന്നിയത്. ടീച്ചറുടെ കയ്യിലിരുന്ന വടി വാങ്ങി ഒടിച്ചു കളഞ്ഞ് ഞാൻ പുസ്തകവുമായി വീട്ടിലേക്കോടി. അച്ഛന്റെ മുൻപിലെത്തിയപ്പോൾ പൊട്ടിക്കരഞ്ഞുപോയി. അച്ഛൻ ഷർട്ടിടാൻ പോലും മെനക്കെടാതെ എന്നെയും കൂട്ടി സ്കൂളിലേക്കോടി. ക്ലാസിൽ കയറിച്ചെന്നു ടീച്ചറോട് ഉച്ചത്തിൽ പറഞ്ഞു, "കൊച്ചുകുഞ്ഞുങ്ങളെ അച്ഛനമ്മമാരേക്കാൾ മനസ്സിലാക്കേണ്ടത് ടീച്ചർമാരല്ലേ? ഇവന് വിക്കുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ?"

ടീച്ചർക്കു വലിയ വിഷമമായി. മേലിൽ വടി ഉപയോഗിക്കില്ലെന്നു പറഞ്ഞ് ടീച്ചറും കരഞ്ഞു. എന്റെ വഴിയിൽ ഒരുപ്രകാശമായി പിന്നെ ടീച്ചർ.

നാലാം ക്ലാസിനുശേഷം തിരുവനന്തപുരം പാങ്ങോട് ഗവൺമെന്റ് എൽപി സ്കൂളിലാണു പഠിച്ചത്. അവിടെ കളിയിലും പഠനത്തിലും സമ്മാനങ്ങളൊക്കെ ചില കുത്തകകൾക്കായിരുന്നു. ഉപന്യാസത്തിനും പദ്യപാരായണത്തിനുമൊക്കെ എനിക്ക് രണ്ടാംസമ്മാനത്തിനു മേലെ കിട്ടാറില്ല. ഇതിന്റെ വാശി തീർത്തത് സ്കോളർഷിപ് പരീക്ഷയിലാണ്. ആ പരീക്ഷയിൽ സംസ്ഥാനത്ത് ഒന്നാം റാങ്കുകാരനായി ഞാൻ ജയിച്ചു. മഹിളാമന്ദിരം സ്കൂളിൽ അഞ്ചാംക്ലാസിൽ പഠിക്കുമ്പോഴാണു റിസൽട്ട് വന്നത്. നാലാം ക്ലാസ്‌വരെ പഠിച്ച പാങ്ങോട് സ്കൂളിലേക്ക് എന്നെ കൊണ്ടുപോയി അസംബ്ലിയിൽ വച്ച് എനിക്കൊരു സമ്മാനം തന്നു. പച്ച നക്ഷത്രങ്ങളുള്ള ക്യാപ്പോടു കൂടിയ ഒരു പേനയായിരുന്നു സമ്മാനം.



എന്തോ കീഴടക്കിയെന്ന ധാരണയിലാണ് ഞാൻ അന്നു വീട്ടിലേക്കു ചെന്നത്. അച്ഛൻ വരാന്തയിലിരുന്ന് എന്തോ വായിക്കുകയാണ്. "അച്ഛാ, എനിക്കു സ്വീകരണം കിട്ടി , പേനയാണു സമ്മാനം." എന്നു ഞാൻ സന്തോഷത്തോടെ പറഞ്ഞപ്പോൾ, അച്ഛൻ എന്റെ മുഖത്തു നോക്കാതെ കൊള്ളാം എന്നുമാത്രം പറഞ്ഞു. എനിക്കതു ഭയങ്കര വേദനയായി. എന്നോട് അച്ഛനു യാതൊരു സ്നേഹവുമില്ലെന്ന് അപ്പോൾ എനിക്കു തോന്നി.

വർഷങ്ങൾക്കുശേഷം എൻജിനീയറിങ്ങിനു കോളജിൽ ആദ്യമായി പോയ ദിവസം തന്നെ അച്ഛൻ മരിച്ചു. അപ്പോഴും അച്ഛനോടുള്ള ഈർഷ്യ എന്റെ മനസ്സിലുണ്ടായിരുന്നു. ചെറിയ നേട്ടങ്ങളിൽ അഹങ്കരിക്കുന്നത് ആപത്തു വരുത്തുമെന്നുള്ള ഭയം കൊണ്ടായിരുന്നു, അച്ഛൻ അന്നു നിസ്സംഗത കാണിച്ചതെന്ന്. തിരിച്ചറിവുണ്ടായപ്പോഴേക്കും അച്ഛൻ ഒരോർമ മാത്രമായി.

പുസ്തകം 56 • ലക്കം 27 • 2011 ജൂലൈ 02 • വില ₹ 5.00
ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാരിക *
* ABCയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ( ജനുവരി - ജൂൺ 2010)
e-mail Id: weekly@mm.co.in • വിലാസം: മലയാള മനോരമ ആഴ്ചപ്പതിപ്പ്, PB NO: 26, കോട്ടയം-686001. PHONE: 0481-2563646.

മുഖചിത്രം: മുക്ത
ഫോട്ടോ: കെ. ശ്രീകുമാർ
കൂടുതൽ ചിത്രങ്ങൾക്ക്
www.manoramaweekly.in